സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് അഡ്മിനിസ്ട്രേറ്റീവ് ട്രെയിനിംഗ്

80 [3063] *ശ്രീ. കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് അഡ്മിനിസ്ട്രേറ്റീവ് ട്രെയിനിംഗ് (സീമാറ്റ്) എന്ന സ്ഥാപനത്തിന്റെ ഘടനയെക്കുറിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) നിലവിലുള്ള വിദ്യാഭ്യാസ ഗവേഷണ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും വ്യത്യസ്തമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സ്ഥാപനത്തിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഓട്ടോണമസ് ബോഡിയായി ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട 'സീമാറ്റി'ന്റെ ഭരണവും നിയന്ത്രണവും ഒരു ഗവേണിംഗ് കൗൺസിലും, ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയിലും നിക്ഷിപ്തമായിരിക്കുന്നു. ഗവേണിംഗ് കൗൺസിൽ ചെയർമാൻ വിദ്യാഭ്യാസ മന്ത്രിയും വൈസ്ചെയർമാൻ ജനറൽ എഡ്യൂക്കേഷൻ സെക്രട്ടറിയുമാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്രസിഡന്റ് പൊതുവിദ്യാഭ്യാസ സെക്രട്ടറിയും വൈസ് പ്രസിഡന്റ് പൊതുവിദ്യാഭ്യാസ ഡയറക്ടറുമാണ്.

(ബി) പൊതുവിദ്യാഭ്യാസരംഗം മികവുറ്റതാക്കുന്നതിനുള്ള പദ്ധതികളും ഭരണക്രമവും ആവിഷ്കരിക്കുക, പ്രീ-സർവ്വീസ് ട്രെയിനിംഗ്, ഇൻസർവ്വീസ് ട്രെയിനിംഗ് കോൺഫറൻസുകൾ, വർക്ക്ഷോപ്പ്, സെമിനാറുകൾ നടത്തുക, പൊതുവിദ്യാഭ്യാസ വകുപ്പിലെ അക്കാദമിക് അഡ്മിനിസ്ട്രേറ്റീവ് വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക, വിദ്യാഭ്യാസരംഗത്തെ പദ്ധതികളും, നയരൂപീകരണം, ഭരണപരം എന്നീ മേഖലകളിലെ ലെജിസ്ലേറ്റേഴ്സ് ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തി ഓറിയന്റേഷൻ പ്രോഗ്രാം, സെമിനാർ, ഗ്രൂപ്പ് ഡിസ്കഷൻ മുതലായവ നടത്തുക, എഡ്യൂക്കേഷണൽ പ്ലാനിംഗ് മാനേജ്മെന്റ്, ഭരണം എന്നിവയ്ക്ക് അക്കാഡമിക്കും പ്രൊഫഷണലുമായുള്ള ഗൈഡൻസ് നൽകുക, അപേക്ഷിക്കുന്ന മറ്റ് സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരുകൾക്കും സംസ്ഥാനത്തിനു പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കൺസൾട്ടൻസി സർവ്വീസ് നടത്തുക, എഡ്യൂക്കേഷണൽ പ്ലാനിംഗ്, മാനേജ്മെന്റ് അഡ്മിനിസ്ട്രേഷൻ എന്നിവയിൽ ഗവേഷണത്തിനും പരിശീലനത്തിനും ഒരു ക്ലിയറിംഗ് ഹൗസായി പ്രവർത്തിക്കുക, പ്രബന്ധങ്ങളും ഗ്രന്ഥങ്ങളും ആനുകാലികങ്ങളും പ്രസിദ്ധീകരിക്കുക തുടങ്ങിയ ഉദ്ദേശലക്ഷ്യങ്ങളോടുകൂടിയാണ് 'സീമാറ്റ്'-കേരള സ്ഥാപിതമായിട്ടുള്ളത്.

(സി) നിലവിലുള്ള സ്ഥാപനങ്ങൾ ഏറിയ പങ്കും അക്കാഡമിക് നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. എന്നാൽ സീമാറ്റ്-കേരള എഡ്യൂക്കേഷണൽ പ്ലാനിംഗ്, പോളിസി മേക്കിംഗ്, മാനേജ്മെന്റ്, അഡ്മിനിസ്ട്രേഷൻ എന്നീ മേഖലകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്.

സർക്കാർ സ്കൂളുകളിൽ പി. ടി. എ.കളുടെ പ്രവർത്തനങ്ങൾ

81 [3064] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിലെ പി. ടി. എ.കളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഏതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഇത്തരം പി. ടി. എ. കമ്മിറ്റികളുടെ വരവുചെലവു കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(സി) ഇങ്ങനെ ക്രമക്കേടുകൾ കാണിക്കുന്ന കമ്മിറ്റികൾക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കുവാൻ നിലവിലുള്ള സംവിധാനംവഴി സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഓരോ വർഷവും പി. ടി. എ.യുടെ വരവുചെലവു കണക്കുകൾ ജനറൽബോഡി തെരഞ്ഞെടുക്കുന്ന രണ്ട് രക്ഷാകർത്തൃ പ്രതിനിധികൾ ആഡിറ്റ് ചെയ്യാനുള്ള സംവിധാനം നിലവിലുണ്ട്.

(സി) പി. ടി. എ.യുടെ നിയമാവലിയിൽ അനുശാസിക്കുന്ന നടപടികൾക്കു പുറമേ പി.ടി.എ.യുടെ കൺവീനർ-കം-ട്രഷറർ ഹെഡ്മാസ്റ്റർ ആയതിനാൽ ക്രമക്കേടുകൾ കാണിക്കുന്ന കമ്മിറ്റികൾക്കെതിരെ ഡിപ്പാർട്ട്മെന്റ് തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് സംവിധാനമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly